## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4712 14.11.2019 ൽ മറുപടിക്ക്**

**കേരളത്തിലെ ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി രേഖയുടെ അന്തിമ പതിപ്പ് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) കേരളത്തിലെ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി രേഖയുടെ അന്തിമ പതിപ്പ് ലഭ്യമായിട്ടില്ല. നിലവിൽ തലശ്ശേരി - മാഹി, നീലേശ്വരം റെയിൽവേ മേൽപ്പാലം, കോഴിക്കോട് ബൈപ്പാസ് എന്നിവയൊഴികെ എല്ലാ സ്ട്രെച്ചുകളിലും വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് പുരോഗമിക്കുന്നു. |
| ബി) കളിയിക്കാവിള മുതൽ കാസർകോഡ് തലപ്പാടി വരെ 45 മീറ്ററിൽ റോഡ് വികസിപ്പിക്കുന്നതിന് എത്ര എക്കർ ഭൂമിയാണ് ഇതിനകം ഏറ്റെടുത്തത്; വ്യക്തമാക്കുമോ; | ബി) ദേശീയപാത വികസനത്തിനായി **3425.096** ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതിൽ **1986.369** ഹെക്ടർ ഭൂമി സർക്കാരിന്റെ കൈവശം ഉണ്ട്. ബാക്കി **1438.737** ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിൽ **659.557** ഹെക്ടർ ഭൂമിക്ക് 3A നോട്ടിഫിക്കേഷനും,**548.192** ഹെക്ടർ ഭൂമിക്ക് 3D നോട്ടിഫിക്കേഷനും,**302.163** ഹെക്ടർ ഭൂമിക്ക് 3G നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത ഭൂമി വിലയുടെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന് ധാരണ ആയിട്ടുണ്ടോയെന്നും സംസ്ഥാനത്തെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ ഈ തുക എപ്രകാരം കണ്ടെത്തുവാനാണ് ആലോചിക്കുന്നതെന്നും വ്യക്തമാക്കാമോ; | സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമി വിലയുടെ 25% സംസ്ഥാനം വഹിക്കാമെന്ന് ധാരണയായിട്ടുണ്ട്. ആയതിനുള്ള തുക കിഫ്ബിയിൽ നിന്നുമാണ് നൽകുന്നത്. |
| ഡി) ദേശീയപാത വികസനത്തിന് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം നൽകേണ്ടതില്ലേ; ഇതു പ്രകാരം എത്ര കോടി രൂപ നൽകേണ്ടതായി വരുമെന്ന് വ്യക്തമാക്കാമോ? | ഡി) ദേശീയപാത വികസനത്തിനായുള്ള ഭൂമി എൻ.എച്ച് ആക്ട് 1956 പ്രകാരമാണ് ഏറ്റെടുത്തു കൊണ്ടിരിക്കുന്നത്. ഷെഡ്യൂൾ 1- 2013 ലെ RFCTLAAR Act അനുസരിച്ചാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്. നിലവിൽ ഏറ്റെടുത്ത ഭൂമിക്കായി ദേശീയപാത അതോറിറ്റി 1398.80 കോടി രൂപ നൽകിയിട്ടുണ്ട്. ഇനിയും 1500 ലധികം അവാർഡുകൾ പാസാക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ